पाठः – ३ मधुमान् नो वनस्पतिः।

ആമുഖം – പൗരാണികഭാരതത്തിൽ ഭാരതീയർ സസ്യസംരക്ഷണ വിഷയത്തിൽ വളരെ ശ്രദ്ധാലുക്കളായിരുന്നു. ജീവിതസംരക്ഷണത്തിലും സംസ്കാരങ്ങളുടെ വളർച്ചയ്ക്കും സസ്യങ്ങൾക്ക് പ്രമുഖസ്ഥാനം ഭാരതീയരാൽ നൽകപ്പെട്ടിട്ടുണ്ട്. "ഔഷധമല്ലാത്ത സസ്യങ്ങളൊന്നുമില്ല" എന്ന്. അറിവുള്ള അവർ ഗൃഹത്തിന് ചുറ്റും വിവിധ സസ്യങ്ങൾ നട്ടുപരിപാലിച്ചിരുന്നു. തുളസി, വേപ്പ്, അശോകം, നെല്ലി, മഞ്ഞൾ മുതലായവ മിക്കവാരും എല്ലാ ഗൃഹങ്ങളിലും നട്ടിട്ടുണ്ട്. മാത്രവുമല്ല, മഞ്ഞൾ എല്ലാ വിഷത്തെയും ഇല്ലാതാക്കുന്നതാണ്. നെല്ലി ഊർജ്ജം നൽകുന്നതാണ്. വേപ്പ് വ്രണത്തെ ഇല്ലാതാക്കുന്നു. തുളസി വിഷഹാരിണിയാണ്. എന്നിങ്ങനെ ഔഷധങ്ങളെ അറിഞ്ഞിട്ട് അവയുടെ ഗുണവ്യത്യാസങ്ങളെക്കുറിച്ച് പലവിധത്തിൽ ചർച്ച ചെയ്തിട്ട് ഗ്രന്ഥങ്ങളെഴുതിയവരായിരുന്നു. അവരുടെ ചില അഭിപ്രായങ്ങളെ നോക്കാം.

പത്ത് കിണറിനുതുല്യമൊരു കുളം
പത്ത് കുളത്തിന് തുല്യമൊരു തടാകം
പത്ത് തടാകതുല്യമൊരു പുത്രൻ
പത്ത് പുത്രതുല്യമൊരു വൃക്ഷം.

എന്ന് വൃക്ഷമാഹാത്മ്യം പ്രസിദ്ധമാണല്ലോ. സസ്യങ്ങളുടെ പരിപോഷണത്തിൽ ശ്രദ്ധാലുക്കളായ മുൻഭാരതീയരുടെ സാമാന്യമായ അഭിപ്രായം തന്നെയാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. ഈ ചൊല്ല് സുരപാലാചാര്യന്റെ വൃക്ഷയുർവേദം എന്ന പ്രശസ്തമായ ഗ്രന്ഥത്തിൽ കാണപ്പെടുന്നു.

പ്രകൃതിയുടെ അംശവും അറിവുള്ളവനുമായ മനുഷ്യൻ സ്വന്തം ജീവിതം മെച്ചമാക്കുന്നതിന് ചുറ്റുമുള്ള സസ്യങ്ങളുടെ സഹായം അത്യന്താപേക്ഷിതമാണെന്ന് എപ്പോൾ മനസ്സിലാക്കിയോ അപ്പോൾ മുതൽ സസ്യസംരക്ഷണത്തിൽ ജാഗ്രതയുള്ളവരായിത്തീർന്നു. ഭക്ഷണത്തിനും

പാർപ്പിടനിർമ്മാണത്തിനും നഗ്നതമറയ്ക്കുന്നതിനും ആരോഗ്യം സംരക്ഷിക്കുന്നതിനും സസ്യങ്ങളെ ആശ്രയിച്ചു. മാത്രവുമല്ല അതെല്ലാം ഔഷധഗുണത്തോട് കൂടുയതാണെന്ന വിശേഷജ്ഞാനവും കാലക്രമത്തിൽ സമ്പാദിച്ചു. അതുകൊണ്ട് സസ്യങ്ങളുടെ സംരക്ഷണവും വളർച്ചയും മനുഷ്യന്റെ കർത്തവ്യങ്ങളായിത്തീർന്നു. ഇത് തന്നെയാണ് സസ്യശാസ്ത്രങ്ങളുടെ ഉദ്ഭവത്തിന് കാരണമമായത്.

ഋഗ്വേദത്തിലും, ശതപഥബ്രാഹ്മണത്തിലും, തൈത്തിരീയസംഹിതയിലും ഭാരതീയസസ്യവിജ്ഞാനത്തിന്റെ പൂർവ്വരൂപം കാണപ്പെടുന്നു. മഹാഭാരതത്തിന്റെ ശാന്തിപർവ്വത്തിൽ സസ്യങ്ങൾ മനുഷ്യരെപോലെ സുഖദുഃഖങ്ങൾ അനുഭവിക്കുന്നു എന്ന് പ്രസ്താവിച്ചിട്ടുണ്ട്. സസ്യവിജ്ഞാനത്തെക്കുറിച്ച് എഴുതിയ ഗ്രന്ഥങ്ങളിൽ സുരപാലന്റെ വൃക്ഷായുർവേദം പ്രസിദ്ധമാണ്. 13 അധ്യായങ്ങളുള്ള ഈ ഗ്രന്ഥത്തിൽ വൃക്ഷമഹത്വം, ഭൂമിനിരൂപണം, സസ്യങ്ങളുടെ പോഷണം, രോഗങ്ങളും ചികിത്സകളും എന്നിവ വെവ്വേറെ വിശദീകരിക്കുന്നു.

സസ്യങ്ങൾ പ്രധാനമായി വൃക്ഷം, വനസ്പതി, വീരുത്ത്, ഓഷധി എന്നിങ്ങനെ നാലായി വിഭജിച്ചിട്ടുണ്ട്. ഫലങ്ങളുണ്ടാകുന്നതിന് മുമ്പ് പൂക്കൾ സ്പഷ്ടമായി കാണപ്പെടുന്നവയെ വൃക്ഷം എന്നും പുഷ്പങ്ങൾ വ്യക്തമാകാതെ ഫലമുണ്ടാകുന്നവ വനസ്പതിയും, ഇളം കൂമ്പുകളുമായി നീണ്ട് കിടക്കുന്നത് വീരുത്ത്, ഫലമുണ്ടാകുന്നതോടെ ചെടിതന്നെ നശിക്കുന്നവ ഓഷധി എന്നും പറയപ്പെടുന്നു.

മാവ് നാരകം എന്നിവ വൃക്ഷങ്ങളും പ്ലാവ് അത്തി എന്നിവ വനസ്പതിയും കുമ്പളങ്ങ, വെള്ളരി മുതലായവ വീരൂത്ത്, നെല്ല് ഗോതമ്പ് എന്നിവ ഓഷധികളുമാണെന്ന് പ്രസിദ്ധമാണ്. ചില ആചാര്യന്മാർ പൂങ്കുല, കുറ്റിച്ചെടി, പുല്ല് എന്നിങ്ങനെ 3 ഭേദങ്ങളായും പറയുന്നുണ്ട്.

മാത്രവുമല്ല സസ്യങ്ങളഉടെ പ്രാധാന്യത്തെ ആധാരമാക്കി അന്തസ്സാരം, ബഹിസ്സാരം, സർവ്വസാരം, നിസ്സാരം എന്നീ വ്യത്യാസങ്ങളും കൽപ്പിച്ചിട്ടുണ്ട്. സസ്യങ്ങളുടെ സംരക്ഷണം എല്ലായ്പ്പോഴും എല്ലാവിധത്തിലും ചെയ്യണമെന്ന്

ബോധിപ്പിക്കുന്ന പൂർവ്വികർ ഇപ്രകാരം പ്രാർത്ഥിച്ചിട്ടുണ്ട്.

ഓഷധികൾ നമുക്ക് മധുരമുള്ളതായി ഭവിയ്ക്കട്ടെ

വനസ്പതി നമുക്ക് മധുരമുള്ളതായി ഭവിയ്ക്കട്ടെ.